

# ഇസ്‌ലാം
# അപരത്വവും സമകാലീനതയും

കവർസ്റ്റോറി ● കെ.കെ ബാബുരാജ്

**മനുഷ്യചിന്തയുടെ** തന്നെ ഏറ്റവും ഉയർന്ന ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന ചരിത്ര സാഹചര്യമാണ്, പുതുലോകക്രമം എന്ന നിലയിലുള്ള അവകാശവാദങ്ങളാണ് നിലനിൽക്കുന്നത്. ശാസ്ത്രവും യുക്തിയും നേർവഴി കാണിച്ച ഈ കാലയളവിൽ മനുഷ്യവംശത്തിന്റെ ഇതഃപര്യന്തമുള്ള മൗലിക സംഭാവനകളെല്ലാം വീണ്ടെടുത്തു എന്നു വിശ്വസിക്കപ്പെടുന്നു. 'ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക്', 'കാടത്തത്തിൽനിന്ന് പുരോഗതിയിലേക്ക്', 'അനക്കമില്ലായ്മയിൽനിന്ന് ചലനത്തിലേക്ക്' മുതലായ പദങ്ങൾ ഈ അവസ്ഥയെ തെളിമയോടെ കാണാൻ സഹായിക്കുന്ന രൂപകങ്ങളായി ലോകമെമ്പാടും പ്രചരിക്കുകയുണ്ടായി. 'പുരോഗതിയുടെ ജൈത്രയാത്ര'യായും, 'സംസ്കാരത്തിന്റെ വ്യാപന'മായും വിശേഷിപ്പിക്കപ്പെട്ട ഇതേ പ്രക്രിയകളിലൂടെ തന്നെയാണ് അധിനിവേശത്തിന്റെ യുക്തികളും സാക്ഷാത്കരിച്ചത്. തന്മൂലം, ലോകത്തിലെ പിന്നണി പ്രദേശങ്ങളിലേക്കും പാർശ്വവത്കൃത സമുദായങ്ങളിലേക്കുമുള്ള പാശ്ചാത്യ കടന്നുകയറ്റങ്ങൾ സ്വയം ന്യായീകരിക്കപ്പെടുന്നതായി മാറി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പുതുലോകക്രമത്തിനു കീഴിൽ തദ്ദേശീയ ജനതകളുടെ മേൽ നടന്ന അധിനിവേശങ്ങളും കൂട്ടക്കുരുതികളുമെല്ലാം പുരോഗതിയുടെ അനിവാര്യ ഭാഗമാണെന്ന പൊതുബോധമാണ് ശക്തിപ്പെട്ടത്.

മാർക്സിനെപ്പോലുള്ള തൊഴിലാളി വർഗ ചിന്തകരും 'പുരോഗതി'യെ ചരിത്രവിധിയായും അതിനു വേണ്ടി കൊടുക്കേണ്ടിവരുന്ന വിലകൾ സ്വാഭാവികം മാത്രവുമാണെന്ന സന്ദേശമാണ് നൽകിയിട്ടുള്ളത്. 1845 ആഗസ്റ്റ് 12-ന് അദ്ദേഹം എഴുതി: "ഫ്രാൻസിനു ഫ്ളൻഡേഴ്സിനെയോ ലൊറെയ്നെയോ അൽസേസിനെയോ പിടിച്ചെടുക്കാനുള്ള അതേ അവകാശത്തോടെ, പിന്നീടെപ്പോഴെങ്കിലും ബെൽജിയത്തെ അവർ പിടിച്ചെടുക്കുമെന്നതുപോലുള്ള അവകാശത്തോടെയാണ് ജർമനി സൈലേഷ്യ പിടിച്ചെടുക്കുന്നത്. കാടത്തത്തിനെതിരെ നാഗരികതയുടെ, സ്ഥിരതക്കെതിരെ പുരോഗതിയുടെ അവകാശത്തോടെ. ഈ അവകാശം എല്ലാ കരാറുകളുടെയും മീതെ വിലയുള്ളതാണ്."[1]

18,19 നൂറ്റാണ്ടുകളിലെ അതികായന്മാരെന്ന് വിളിക്കപ്പെട്ട പാശ്ചാത്യ ചിന്തകരാലും വിധി നിർണായകമെന്ന് വിശേഷിപ്പിക്കപ്പെട്ട സാമൂഹിക സംഘർഷങ്ങളിലൂടെയുമാണ് അധിനിവേശയുക്തികൾക്ക് സാർവദേശീയ പ്രസക്തി കൈവന്നത്. തദ്ഫലമായി, ശാസ്ത്രീയ ചിന്തയുടെയും പരിണാമ സിദ്ധാന്തത്തിന്റെയും സമ്പദ്ശാസ്ത്ര രാഷ്ട്രമീമാംസ വിഷയങ്ങളുടെയും ആധികാരികതയുള്ളതാണ് അധിനിവേശമെന്ന ധാരണ ഏറ്റവും അടിത്തട്ടിൽ പോലും വേരുകളാഴ്ത്തി. ഇതേ പരിവർത്തനങ്ങളുടെ ഇരട്ട സഹോദരങ്ങളായിട്ടാണ് ശാസ്ത്രീയ വംശീയതയും (Scientific racism), ജീവശാസ്ത്ര നിർണയനവാദവും (Biological determination) പിറവിയെടുത്തതെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇങ്ങനെ നോക്കുമ്പോൾ, അധിനിവേശമെന്നത് ഉൽപാദനോപാധികളുടെ കൈയടക്കലും നിയന്ത്രണവുമാണെന്ന പ്രചാരണം കേവലമായ ചുരുക്കെഴുത്താണെന്നു ബോധ്യപ്പെടും. മറിച്ച്, അപരത്വവത്കരണവും പ്രതിനിധാന ഹിംസയും വെളുത്ത വംശീയതയുടെ ദൃഢീകരണവും കീഴാള ജനതയുടെ ആത്മീയ-സാംസ്കാരിക മൂലധനങ്ങളുടെ കൊള്ളയടികളും നിറഞ്ഞ സങ്കീർണമായ അവസ്ഥയാണിത്.

ഇതിനൊപ്പം ചേർത്ത് വായിക്കേണ്ടതാണ് യൂറോ കേന്ദ്രീകൃതമെന്നറിയപ്പെടുന്ന വ്യവഹാര മണ്ഡലത്തെയും. എല്ലാഷഹോട്ട് ഇതിനെ ചുരുക്കി സൂചിപ്പിക്കുന്നതിങ്ങനെയാണ്. 'യൂറോ കേന്ദ്രീകൃത വ്യവഹാരം ക്ലാസ്സിക്കൽ ഗ്രീസിൽ നിന്ന് (ശുദ്ധം, പാശ്ചാത്യം, ജനാധിപത്യപരം) റോമാ സാമ്രാജ്യത്തിലേക്കും തുടർന്ന് യൂറോപ്പിലെയും യു.എസ്സിലെയും മെട്രോപൊളിറ്റൻ കേന്ദ്രങ്ങളിലേക്കും നീളുന്ന രേഖീയമായൊരു ചരിത്ര പന്ഥാവ് മുന്നോട്ടുവെക്കുന്നു. ഏകീകൃത റോം, ഏകീകൃത സ്പെയിൻ, ഏകീകൃത ബ്രിട്ടൻ, ഐക്യ അമേരിക്ക എല്ലായ്പ്പോഴും തന്നെ യൂറോപ്പ് ഒറ്റക്കും പരസഹായം കൂടാതെയും പുരോഗമനപരമായ ചരിത്ര മാറ്റങ്ങളുടെ 'ചാലകയന്ത്ര'മാണെന്ന് കരുതപ്പെടുന്നു. അതാണ് വർഗസമൂഹങ്ങളെയും ജന്മിത്തം, മുതലാളിത്തം, വ്യാവസായിക വിപ്ലവം തുടങ്ങിയവയെയുമെല്ലാം കണ്ടെത്തിയത്.'[2]

സന്ദിഗ്ധമായ മുസ്ലിം അവസ്ഥയെ സമ്മർദപ്പെടുത്താനും തീവ്രവാദവും ദേശവിരുദ്ധതയും ആരോപിച്ചുകൊണ്ട് പോലീസിംഗ് സംവിധാനങ്ങളുടെ കാഴ്ചവെട്ടത്തു നിർത്താനും ഭരണവർഗം വിജയിച്ചിട്ടുണ്ട്. ദേശീയവാദ/സാംസ്കാരിക മുസ്ലിം എന്ന പരികൽപനക്ക് പുറത്തുള്ള എല്ലാ ഇസ്ലാമിക സംഘടനകളും സ്ഥാപനങ്ങളും വ്യക്തികളും സംശയിക്കപ്പെടുന്നതാണ് സമകാലീനാനുഭവം.



കാന്റും ഹ്യൂമും ഹെഗലും മാർക്സും അടക്കമുള്ള പുതുലോക ചിന്തകർ ഈ രേഖീയ വിജ്ഞാനത്തെ പിൻപറ്റുക മാത്രമല്ല ചെയ്തത്. മറിച്ച്, ചരിത്രവികാസത്തിനനുസരിച്ച് തട്ടിത്തെറുപ്പിച്ച്കളയേണ്ടുന്ന അശുദ്ധ വസ്തുക്കളെ പോലെയാണ് ഇവർ (വെളുത്ത) യൂറോപ്പിനു പുറത്തുള്ള ജ്ഞാന വ്യവഹാരങ്ങളെ കണ്ടത്. തദ്ഫലമായി, പൂർവ യൂറോപ്യൻ-ഏ

ഷ്യൻ-ആഫ്രിക്കൻ നാടുകളിലെ പിന്നണി ജനതകളിൽ സ്വാധീനതയുള്ള നിരവധി ദാർശനികധാരകളും ഇസ്‌ലാം പോലുള്ള മതങ്ങളും അപരസ്ഥാനങ്ങളിലേക്ക് തള്ളിയകറ്റപ്പെട്ടു. വെളുത്ത വംശീയതയുടെ രൂപവത്കരണവുമായും പുനർനിർമിതിയുമായും യൂറോ കേന്ദ്രീകൃത വ്യവഹാരങ്ങൾക്കുള്ള അനിഷേധ്യമായ ബന്ധം ഇന്ന് കൂടുതൽ വെളിപ്പെടുന്നുണ്ട്.

**ഉൽപതിഷ്ണുക്കളുടെ വംശാവലി**

കൊളോണിയൽ അധിനിവേശത്തിനു മുമ്പുള്ള പൗരസ്ത്യ നാടുകളിലെ ജനത പ്രാദേശിക വരേണ്യരുടെ ആഭ്യന്തര കോളനികളായിട്ടാണ് നിലനിന്നിരുന്നത്. കുല/ജാതി മേധാവിത്വങ്ങൾ വ്യത്യസ്ത വിഭാഗങ്ങളെ അറിവിൽനിന്നും അധികാരത്തിൽനിന്നും അകറ്റി മാറ്റിക്കൊണ്ടാണ് ഈ അവസ്ഥ നിലനിർത്തിയത്. സാമ്രാജ്യത്വാധിനിവേശം പ്രജാ രാജ്യങ്ങളിലെ സാമൂഹിക ബന്ധങ്ങളിൽ ചില മാറ്റങ്ങൾ വരുത്താൻ നിർബന്ധിതമായെന്നത് യാഥാർഥ്യമാണ്. പുതിയ ഭരണ സംവിധാനങ്ങൾ, വിദ്യാഭ്യാസ സമ്പ്രദായം, മിഷനറി പ്രവർത്തനങ്ങൾ മുതലായവയിലൂടെ പരമ്പരാഗതമായ അകലങ്ങളും അതിർത്തികളും അവസാനിക്കുകയാണെന്ന പ്രത്യാശ ഏറ്റവും അടിത്തട്ടുവരെ വ്യാപിച്ചു.

നിലനിൽക്കുന്ന സാമൂഹിക ബന്ധങ്ങളിൽ സമൂലമായ മാറ്റം സംഭവിക്കുകയെന്നതായിരുന്നില്ല കൊളോണിയൽ ശക്തികളുടെ താൽപര്യം. പഴയ മേധാവിത്വ വിഭാഗങ്ങൾക്കിടയിൽ യാഥാസ്ഥിതികരും ഉൽപതിഷ്ണുക്കളും എന്നൊരു ചേരിതിരിവ് രൂപപ്പെടുത്താനാണ് അവർ ശ്രമിച്ചത്. ഇവിടെ സവിശേഷമായി തിരിച്ചറിയേണ്ടുന്ന വസ്തുത, പഴയ മേധാവിത്വ വിഭാഗങ്ങളുടെ തന്നെ 'വംശാ'വലിയുൾക്കൊള്ളുന്നവരാണ് ഉൽപതിഷ്ണുക്കൾ എന്നതാണ്. പുതുകാലഘട്ടത്തിനനുസരിച്ച് തങ്ങളെത്തന്നെ വിഷയിസ്ഥാനത്ത് നിലനിർത്താൻ പ്രയത്നിച്ച വരേണ്യർ തന്നെയാണിവർ. പരമ്പരാഗതമായി അറിവിൽനിന്നും അധികാരത്തിൽനിന്നും പുറന്തള്ളപ്പെട്ടവരെ കർതൃത്വവത്കരിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നില്ല ഉൽപതിഷ്ണുക്കൾ രംഗത്തുവന്നത്. ഇക്കൂട്ടരെ നിർവഹത്വശക്തികളായി പരിവർത്തനപ്പെടുത്തുക വഴി ഇരട്ട വിജയമാണ് കൊളോണിയൽ മേധാവികൾ കൊയ്തത്. ഒന്നാമതായി, പാശ്ചാത്യർ സ്വന്തം നാടുകളിൽ നടപ്പിലാക്കിയ അപരത്വവത്കരണത്തിന്റെ പിന്തുടർച്ചകൾ കോളനി സമൂഹങ്ങളിലും നടപ്പിലാക്കാനായി. രണ്ടാമതായി, സാമ്രാജ്യത്വാധിനിവേശത്തോടെ കർതൃത്വ നഷ്ടം സംഭവിച്ച പിന്നണി ജനതകളുടെ സമരങ്ങളെയും സഹനങ്ങളെയും ഗതിമാറ്റി ചിത്രീകരിക്കാൻ കഴിഞ്ഞു.

ഈ വസ്തുതയെ ഒന്നുകൂടെ വിശദീകരിക്കാം. ജിപ്സികൾ, ജൂതർ, കറുത്തവർ, മുസ്‌ലിംകൾ മുതലായ ഒട്ടേറെ വിഭാഗങ്ങളെ അപരരാക്കി മാറ്റിയാണ് സാമ്രാജ്യത്വവാദികൾ സ്വന്തം ദേശീയതകളിലെ അധികാരത്തെ പങ്കിട്ടെടുത്തത്. അപരരാക്കപ്പെട്ടവരെ മനുഷ്യപദവിക്ക് (Human Agency)തന്നെ അർഹരല്ലാത്തവിധം ക്രൈസ്തവ നരക സൂചകങ്ങളിലൂടെ അടയാളപ്പെടുത്തുകയും അവരുടെ സാന്നിധ്യത്തെ നിതാന്തമായ സർവ നാശ ഭീഷണിയായും ജീവശാസ്ത്രപരമായ അധഃപതനത്തിനു (biologicl decadence) കാരണമായും ചിത്രീകരിച്ചു. ഇപ്രകാരത്തിൽ ഉയർത്തപ്പെട്ട ഭീതിയുടെ പശ്ചാത്തലത്തിൽ, പാശ്ചാത്യാധിനിവേശകർ സ്വന്തം നാടുകളിലെ അപരരോട് കാട്ടിക്കൂട്ടിയ അനീതികൾ അദൃശ്യമാവുകയായിരുന്നു.

സമാനമായ വിധത്തിൽ പ്രജാ രാജ്യങ്ങളിലും അപരങ്ങളെ കണ്ടെത്തേണ്ടതുണ്ടായിരുന്നു. ആഭ്യന്തര കൊളോണിയലിസം മൂലം അസ്പൃശ്യരും അധഃസ്ഥിതരായവരുമാണ് ഇവിടെ കൂടുതലായും അപരവത്കരണത്തിനു വിധേയരായത്. പ്രജാ രാജ്യങ്ങളിൽ ഏറ്റവുമധികം കർതൃത്വനഷ്ടം സംഭവിച്ചവരും ഇവർ തന്നെയായിരുന്നു. എന്നാൽ സവർണ മേധാവിത്വത്തോടൊപ്പം സാമ്രാജ്യത്വാധിനിവേശത്തെയും എതിർത്തുനിൽക്കുകയും പാശ്ചാത്യ/പൗരസ്ത്യ ഉദാര മാനവികതയുടെ പൊള്ളത്തരത്തെ തുറന്നുകാട്ടിക്കൊണ്ട് പുതു സാഹോദര്യ പ്രസ്ഥാനങ്ങൾക്കും രാഷ്ട്രീയാന്വേഷണങ്ങൾക്കും തുടക്കം കുറിക്കുകയും ചെയ്തത് ഇതേ വിഭാഗങ്ങൾ തന്നെയായിരുന്നു. ഇവരുടെ സ്വയം പ്രതിനിധാനാവകാശത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് തൽസ്ഥാനത്ത് 'ഉൽപതിഷ്ണു'ക്കളെ പ്രതിഷ്ഠിക്കുന്നതിൽ കൊളോണിയലിസം വിജയം വരിച്ചു. ഇതേസമയം, സവർണ മേധാവിത്വ കൊളോണിയൽ വിരുദ്ധ നിലപാടെടുത്ത കീഴാള ജനതകളെ 'മതഭ്രാന്തർ', 'ജാതിവാദികൾ', 'ദേശവിരുദ്ധർ', 'കുറ്റവാളി ഗോത്രങ്ങൾ', 'പുരോഗമന വിരുദ്ധർ' മുതലായ പേരുകളിലൂടെ അടയാളപ്പെടുത്തുകയും ചെയ്തു. ഇത്തരത്തിലുള്ള പേരിടലുകൾക്കും പിന്നാലെയുള്ള ഹിംസകൾക്കും വേണ്ടി

യാഥാസ്ഥിതികരും ഉൽപതിഷ്ണുക്കളും കൊളോണിയലിസത്തോട് ഐക്യപ്പെട്ടിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മതേതര ഭരണ വർഗത്തിന്റെ വർത്തമാനകാല അധികാരത്തിനു കീഴിലും ഇതേ ഐക്യം പരിപാവനമായി തുടരുകതന്നെയാണ്.




മേൽ സൂചിപ്പിച്ച വിധത്തിൽ ഇരട്ടിയായി ചിതറിക്കപ്പെട്ട കീഴാള ജനതകളെ ഏകീകരിക്കാൻ ഇസ്‌ലാം നൽകിയ സംഭാവന അതുല്യമാണ്. തീർച്ചയായും യാഥാസ്ഥിതിക മതബോധനത്തിന്റെ ചില ഇടുങ്ങിയ വശങ്ങളും ചില പ്രദേശങ്ങളിൽ ഭരണവർഗമായിരിക്കുന്നതിലൂടെ രൂപപ്പെട്ട വരേണ്യതയുടെ പ്രശ്നങ്ങളും ഇസ്‌ലാമിന്റെ പ്രതിനിധാനത്തെ കലുഷിതമായി കാണാൻ കാരണമായിട്ടുണ്ട്. എന്നാൽ ഒരപരമതവും അപരസാന്നിധ്യവുമായിട്ടാണ് എല്ലായ്പ്പോഴും അധിനിവേശ ശക്തികളും അവരുടെ പ്രാദേശിക സഹകാരികളും ഇസ്‌ലാമിനെ പരിഗണിച്ചിട്ടുള്ളത്. തന്മൂലം, പുറമ്പോക്കുകളായ ദശലക്ഷക്കണക്കിനാളുകൾ ഈ മതത്തെ തങ്ങളുടെ അതിജീവനത്തിന്റെ ഭാഗമാക്കി മാറ്റി. ഇസ്‌ലാമിനു ഭരണപങ്കാളിത്തമില്ലാത്ത വിദൂര മേഖലകളിൽ പോലും മുസ്‌ലിം ജനസംഖ്യയുടെ വർധനവിന് കാരണവും മറ്റൊന്നല്ല. ഇത്തരമൊരു നിർണായക സാന്നിധ്യമായി നിലനിൽക്കാൻ ഇസ്‌ലാമിനു കഴിയുന്നത്, പുതിയൊരു വിപ്ലവ മതമായും സാമൂഹിക വിവേചനങ്ങളോടും അസമത്വങ്ങളോടും പോരടിക്കുന്ന കർമവ്യവസ്ഥയായും പ്രവാചകൻ തന്നെ ഈ മതത്തെ വിഭാവന ചെയ്തിട്ടുള്ളത് മൂലമാണ്.

### വർഗീകരണങ്ങൾ/ വ്യാഖ്യാനങ്ങൾ

പൗരസ്ത്യ നാടുകളിലെ ഏറ്റവും സങ്കീർണമായ സാമൂഹിക വിഭജനങ്ങളാണ് നമ്മുടെ നാട്ടിലുള്ളത്. ഈ അവസ്ഥയെ രേഖപ്പെടുത്താൻ രണ്ടുതരം വർഗീകരണ/വ്യാഖ്യാന പദ്ധതികളാണ് പ്രാമുഖ്യം നേടിയിട്ടുള്ളത്.

പൗരത്വത്തെ അവലംബമാക്കിയ സാമൂഹിക വർഗീകരണമാണ് ആദ്യത്തേത്. ഈ സങ്കൽപന പ്രകാരം കുലപരവും ജാതിപരവുമായി സവർണരായവർ പൂർണ പൗരത്വമുള്ളവരും ദേശത്തിന്റെ നിർണായക പദവികൾ കൈയാളാൻ അർഹരുമാണ്. കീഴ്ജാതികളിലും ഇസ്‌ലാം പോലുള്ള അപര മതങ്ങളിലും ഉൾപ്പെടുന്നവർ ഭാഗികമോ ന്യൂനമോ ആയ പൗരത്വമുള്ളവരും സുപ്രധാന പദവിക്ക് അനർഹരുമാണെന്ന പൊതുവിശ്വാസമാണ് ഈ സങ്കൽപനത്തിന്റെ മറുപുറത്തുള്ളത്.

ദേശീയ പ്രസ്ഥാനത്തിലൂടെയും അതിന്റെ തന്നെ അനുബന്ധമായ പുരോഗമന–സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളിലൂടെയും സവർണ ഹിന്ദുവിന്റെ പൗരത്വം ദേശീയതയുടെ ചിഹ്നമായി ഉരുത്തിരിയുന്ന സാഹചര്യമാണുളവായത്. ഈ പശ്ചാത്തലത്തിൽ ദലിതരും മുസ്‌ലിംകളും വ്യത്യസ്തമായി പ്രതികരിക്കുകയും തങ്ങളുടെ പൗരത്വത്തെ സുരക്ഷിതമാക്കാനുള്ള സമരങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. തദ്ഫലമായിട്ടാണ് സംവരണവും ന്യൂനപക്ഷാവകാശങ്ങളും പോലുള്ള കരാറുകൾ രൂപപ്പെട്ടതും ദേശരാഷ്ട്രത്തിന്റെ സിവിൽ അധികാരങ്ങളുടെ ഭാഗമായി അവ മാറിയതും. ഇന്നും നിരവധിയായ ദലിത്–ന്യൂനപക്ഷ–മനുഷ്യാവകാശ പ്രസ്ഥാനങ്ങളും പൗരസമത്വ പ്രക്ഷോഭങ്ങളും സജീവമാകുന്നത് പൗരത്വവും ദേശീയതയും തമ്മിലുള്ള ഉരസലിന്റെ മണ്ഡലത്തിലാണ്. സവർണാധിപത്യം കേന്ദ്രമായിട്ടുള്ള ദേശീയതയുടെ ഏകാധിപത്യ പ്രവണതകളെ ചെറുക്കുന്നത് ഇത്തരം ഉരസലുകളാണ്.

മാർക്സിസ്റ്റ് പ്രത്യയശാസ്ത്ര പ്രകാരമുള്ള വർഗവിശകലനമാണ് രണ്ടാമത്തേത്. ഈ സി

ദ്ധാന്തപ്രകാരം സമൂഹം അന്തിമമായി തൊഴിലാളി വർഗം, മധ്യവർഗം, മുതലാളി വർഗം എന്നിങ്ങനെയുള്ള ഗണങ്ങളായി വേർതിരിയപ്പെട്ടിരിക്കുന്നു. മാർക്സിസത്തിന്റെ 'മൂശ'യായ ജ്ഞാനോദയ യുക്തികൾ, ജർമനിയിലെ പ്രത്യയശാസ്ത്ര പാരമ്പര്യം, ഫ്രാൻസിലെ വർഗ സമരങ്ങൾ, ഇംഗ്ലണ്ടിലെ തൊഴിൽ പ്രസ്ഥാനം എന്നിവക്ക് വെളിയിലുള്ളവരാണ് കീഴാളരും ഇസ്‌ലാം മതസ്ഥരും. അതിനാൽതന്നെ ഈ പ്രത്യയശാസ്ത്രം ഈ ജനവിഭാഗങ്ങളോടുള്ള സംവാദത്തെ വിലക്കിയിട്ടുണ്ട്. മാർക്സ് കാടത്തത്തിന്റെ അവശിഷ്ടമോ പുരോഗതിക്ക് എതിർ നിൽക്കുന്നവരോ ആയി നിർവചിക്കുകയും ഗ്രായത്രി സ്പിവാക്കിനെ പോലുള്ള നിയോ മാർക്സിസ്റ്റുകൾ 'സംസാരിക്കാൻ കഴിയാത്തവർ' എന്ന് വിലയിരുത്തുകയും ചെയ്തിട്ടുള്ളവരുടെ പട്ടികയിലാണ് ഈ ജനത സ്ഥാനപ്പെടുന്നത്. 'വർഗവത്കരണം' എന്ന പ്രക്രിയയിലൂടെ ഇവർ ചരിത്ര വികാസത്തിന്റെ ഭാഗമായി മാറേണ്ടതുണ്ടെന്ന് ഈ പ്രത്യയശാസ്ത്രം അനുശാസിക്കുന്നു.

എന്നാൽ ഈ അപരജനതകളിൽ വമ്പിച്ച സ്വാധീനതയുള്ള ഇസ്‌ലാമും ബുദ്ധിസവും ദ്രാവിഡ മതങ്ങളും കേവലമായ അന്ധവിശ്വാസ പ്രമാണങ്ങളല്ലെന്നതാണ് പരമ പ്രധാനമായ കാര്യം. ജ്ഞാനോദയ യുക്തികളെയും കവിഞ്ഞു നിൽക്കുന്ന രാഷ്ട്രീയ-വൈജ്ഞാനിക-ധാർമിക ചിന്തകളും മനുഷ്യപദവിയെയും അതിന്റെ നിശ്ചയത്തെയും നിർണയനത്തെയും (judgement and reason)ക്കുറിച്ചുള്ള നിരവധി സങ്കൽപനങ്ങളും ഈ മതങ്ങൾ സംവഹിക്കുന്നുണ്ട്. യൂറോ കേന്ദ്രീകൃത വ്യവഹാരങ്ങൾക്ക് ഉൾക്കൊള്ളാനാവാത്ത യാഥാർഥ്യത്തിന്റെ ഈ ധനാത്മക വശം മാർക്സിസത്തെ തിരികെ പ്രശ്നവത്കരിക്കാൻ പര്യാപ്തമാണ്. ഇസ്‌ലാമിന്റെ ലോക ചരിത്രപരമായ പ്രാധാന്യത്തെയും ദാർശനികവും നൈതികവും വൈജ്ഞാനികവുമായ അതിന്റെ സംഭാവനകളെയും വിലയിരുത്താൻ മാർക്സിസ്റ്റ് വർഗീകരണ/വ്യാഖ്യാന പദ്ധതികൾ ഉപയോഗശൂന്യമാണെന്നാണ് ഇതിലൂടെ തെളിയുന്നത്. വസ്തുത ഇതായിരിക്കെ, മാർക്സിസത്തിന്റെ സർവ കർതൃത്വ പ്രതിനിധാനാവകാശ വാദത്തെ അടിച്ചേൽപിക്കുന്നവർ ഇസ്‌ലാമിനോടോ മറ്റു കീഴാള മതങ്ങളോടോ സംവദിക്കുകയല്ലെന്ന് വ്യക്തമാണ്. പകരം പഴയ ഉൽപതിഷ്ണുക്കളുടെ പിൻതുടർച്ചക്കാരായി തങ്ങളെതന്നെ സ്ഥാനപ്പെടുത്താനാണ് ഇവർ ശ്രമിക്കുന്നത്.

മേൽപറഞ്ഞ വിധത്തിലുള്ള വർഗീകരണ/ വ്യാഖ്യാന പദ്ധതികളിലൂടെ രൂപപ്പെട്ട പൊതുധാരണ 'ജാതി' അപ്രസക്തമായൊരു സാമൂഹിക ഗണമാണെന്നതാണ്. മാത്രമല്ല, മതം പൊതുമണ്ഡലത്തിൽ ഇടപെടുന്നതിന് വിലക്ക് കൽപിക്കപ്പെടുകയും ചെയ്തു.

ജാതി അദൃശീകരിക്കപ്പെടുന്നതിലൂടെ പൗരസമുദായ (civil society) രൂപീകരണത്തിൽ കീഴാള സമുദായങ്ങളുടെ പ്രാതിനിധ്യം നഷ്ടപ്പെടുകയും സവർണ ഉദാര വാദങ്ങൾക്ക് അനർഹമായ പ്രാമാണ്യം കൈവരികയുമാണ് ഫലം. ഇതുപോലെതന്നെ മതം സ്വകാര്യ വിഷയമാകുന്നത് ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം അസാധ്യമാണെന്നതും അതിന്റെ വിശ്വാസ-വിമോചന വിവക്ഷകൾ തന്നെ പൊതുമണ്ഡലത്തിൽ ഇടപെടുന്നതിനെ സാധൂകരിക്കുന്നുവെന്നതും വസ്തുതയാണ്. പാശ്ചാത്യ കേന്ദ്രീകൃത യുക്തിയുടെയോ (reason) ബ്രാഹ്മണിക്കൽ അഹത്തിന്റെയോ (self) സർവവ്യാപനത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് മതത്തെ പൊതുമണ്ഡലത്തിൽനിന്ന് വിലക്കുന്നവർ അന്തിമമായി ഇസ്‌ലാം പോലുള്ള മതങ്ങളെ മാത്രമേ പുറന്തള്ളുന്നുള്ളൂ എന്നതാണ് വാസ്തവം. ദേശീയതയുടെ സ്ഥാനമഹിമയാളുന്ന ഹിന്ദുത്വവും ക്രൈസ്തവ മതപരിഷ്കരണങ്ങളുടെ മൂശയിൽനിന്നും പിറവിയെടുത്ത പാശ്ചാത്യ പുരോഗമനവും മതേതരമാണെന്ന അധിനിവേശയുക്തിയാണ് ഇതിലൂടെ മേൽക്കൈ നിലനിർത്തുന്നത്. ചുരുക്കിപ്പറഞ്ഞാൽ, കോളനിയാനന്തര ഘട്ടത്തിലെ മാറിയ ലോകബോധത്തിലും കീഴ്ജാതിക്കാരുടെ അദൃശ്യതയും ഇസ്‌ലാമിന്റെ അപരത്വവത്കരണവും തുടരാനുള്ള സാഹചര്യമാണ് നിലവിൽ വന്നത്.

## പ്രതിവചനങ്ങൾ

മേൽപറഞ്ഞ സ്ഥിതിവിശേഷത്തെ മുൻകൂട്ടി കാണുകയും നിരവധി തെറ്റിദ്ധാരണകൾക്കും കുറ്റാരോപണങ്ങൾക്കും വിധേയമായി പോലും ഗൗരവതരമായ പ്രതിവചനങ്ങൾ രൂപപ്പെടുത്തുകയും ചെയ്തത് കീഴാളരിൽ നിന്നുയർന്നുവന്ന സാമൂഹിക നേതൃത്വങ്ങളും ചിന്തകരുമാണ്. സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഇന്ത്യയിലെ അധഃസ്ഥിതരുടെ പ്രശ്നം സവർണ ഹിന്ദുക്കളുടെ ദയാവായ്പുകൾക്ക് വിട്ടുകൊടുക്കാനാവില്ലെന്നും അവരുടെ വിഷയം രാഷ്ട്രീയമായിത്തന്നെ പരിഗണിക്കേണ്ടതുണ്ടെന്നുമുള്ള അംബേദ്കറിന്റെയും അക്കാലത്തെ കീഴാള പ്രസ്ഥാനങ്ങളുടെയും നില

പാട് സ്വയം വിശദീകരിക്കുന്നതാണ്. പിൽക്കാലത്തെ സവർണ്ണ ഉദാരവാദികൾ അംബേദ്കറെ ഒരു നെഹ്റുവിയൻ പുരോഗമനകാരിയും പാശ്ചാത്യാധിഷ്ഠിത പണ്ഡിതനുമായി ദുർവ്യാഖ്യാനിച്ചുകൊണ്ട് കടുത്ത പ്രചാരണമഴിച്ചുവിടുകയുണ്ടായി. എങ്കിലും അധഃസ്ഥിത പ്രശ്നത്തിനൊപ്പം ന്യൂനപക്ഷ വിഷയത്തിലും സ്ത്രീകളുടെ ലിംഗപരമായ സമത്വത്തിന്റെ കാര്യത്തിലും വലുതായ ഉൾക്കാഴ്ചകൾ പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് അടിസ്ഥാനമായത് പാശ്ചാത്യ യുക്തിയിലുള്ള അമിത വിശ്വാസമായിരുന്നില്ലെന്നത് ഇന്ന് വ്യക്തമാവുന്നുണ്ട്. ബുദ്ധിസം, ഇസ്‌ലാം പോലുള്ള മത ദർശനങ്ങളെയും നിരവധി കീഴാള ആത്മീയ ധാരകളെയും വീണ്ടെടുത്തുകൊണ്ട് പാശ്ചാത്യ യുക്തിയിൽ നിന്നുള്ള അതിവർത്തനമാണ് അദ്ദേഹത്തിന്റെ ചിന്തകളിലൂടെ സംഭവിച്ചത്.

'അനിഹിലേഷൻ ഓഫ് കാസ്റ്റ്' എന്ന പ്രബന്ധത്തിലെ സോഷ്യലിസ്റ്റുകളെ അഭിസംബോധന ചെയ്യുന്ന ഭാഗത്ത്, ഇന്ത്യ പോലുള്ള പൗരസ്ത്യ നാടുകളിലും പൂർവ യൂറോപ്യൻ സമുദായങ്ങളിലും സാമൂഹിക വൈരുധ്യങ്ങളെ നിർണയിക്കുന്നതിൽ മതത്തിനുള്ള പ്രാധാന്യം അംബേദ്കർ എടുത്തു പറയുന്നുണ്ട്. ഇന്ത്യൻ സോഷ്യലിസ്റ്റുകൾ തങ്ങളുടെ യൂറോപ്യൻ സഖാക്കളെ പിൻപറ്റിക്കൊണ്ട് മതത്തെ വഞ്ചനാത്മകമായൊരു സാമൂഹിക സ്ഥാപനമായി ലഘൂകരിക്കുന്നതിലൂടെ അവർ സ്വയം കെണിയിലകപ്പെടുകയാണെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.

ഇന്ന് മതം സ്വകാര്യ വിഷയമാണെന്ന പേരിൽ കൊണ്ടാടപ്പെടുന്ന പുരോഗമന – ഇടതുപക്ഷ വീക്ഷണങ്ങൾക്ക് ഇന്ത്യയിലെ കീഴാള ചിന്തകളുമായോ അംബേദ്കർ പ്രസ്ഥാനങ്ങളുടെ നിലപാടുകളുമായോ ബന്ധമില്ലെന്ന വസ്തുതയാണ് വെളിപ്പെടുന്നത്. നേരെ മറിച്ച്, ഹിന്ദു=ഇസ്‌ലാം= ക്രിസ്ത്യൻ എന്ന ഗാന്ധിയൻ ഉപകരണാത്മക യുക്തിയുടെ പിന്തുടർച്ചയാണ് ഈ നിലപാട്.

ഹിന്ദു= മുസ്‌ലിം= ക്രിസ്ത്യൻ എന്ന സവർണ്ണ ലഘൂകരണത്തെ മറികടന്നുകൊണ്ട് ഇസ്‌ലാമിനെ അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിയത് ഇന്ത്യയിലെ കീഴാള ജ്ഞാനമണ്ഡലമാണ്. സനാതന ധർമമെന്ന പരികൽപനയിലൂടെ ഹൈന്ദവതയുടെ പുനരുത്ഥാനത്തിനും ഇസ്‌ലാമിന്റെയും ക്രിസ്ത്യാനിറ്റിയുടെയും പാർശ്വവത്കരണത്തിനും വേണ്ടി വിവേകാനന്ദൻ ആഹ്വാനം ചെയ്ത കാലയളവിൽതന്നെ മഹാത്മാ ഫൂലേ വ്യത്യസ്തമായ അഭിപ്രായം രേഖപ്പെടുത്തി. അദ്ദേഹത്തെ പിന്തുടർന്നുവന്ന കീഴാള പ്രതിനിധാനങ്ങളെല്ലാവരും ഇസ്‌ലാമിന്റെ ലോക ചരിത്രപരമായ പ്രാധാന്യം 'സാഹോദര്യത്തെ' സാക്ഷാത്കരിക്കുന്നതാണെന്ന് തിരിച്ചറിഞ്ഞിരുന്നു. യൂറോപ്യൻ മാനവികതാവാദവും ബ്രാഹ്മണിസ്റ്റ് അദ്വൈതവും മനുഷ്യരെ വസ്തുവത്കരിച്ചുകൊണ്ട് അകൽച്ച നിലനിർത്തിയപ്പോൾ, സാഹോദര്യ പ്രഖ്യാപനത്തിലൂടെ പുതിയൊരു കർമവ്യവഹാരമാണ് ഇസ്‌ലാം മുന്നോട്ടുവെച്ചത്. മാത്രമല്ല, ഐക്യത്തിന്റെയും സമാധാനത്തിന്റെയും മതമായി സ്വയം പ്രഖ്യാപിച്ച ഇസ്‌ലാം അധിനിവേശ ശക്തികൾ രൂപപ്പെടുത്തിയ രൂപകങ്ങളിൽനിന്നും വ്യത്യസ്തമായ ഭാവനകളും പ്രത്യാശകളും ഉൽപാദിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ, വിശ്വാസം, കർമം, സാഹോദര്യം, സമാധാനം, ഐക്യം എന്നീ അഞ്ച് പരികൽപനകളിലൂടെ കുലം, വംശം, ദേശം മുതലായ അതിർത്തികളെ മറികടക്കാനുള്ള വിപ്ലവാത്മക ശ്രമമാണ് ഇസ്‌ലാം ആരംഭിച്ചത്.

ഒരു പുതിയ വിപ്ലവ–രാഷ്ട്രീയ മതമെന്ന നിലയിൽ ലോകമെമ്പാടുമുള്ള പീഡിതരെ ഇന്നും പ്രചോദിപ്പിക്കുന്ന ഇസ്‌ലാമും, ജാതിവ്യത്യാസങ്ങളെയും വർണ്ണ വ്യവസ്ഥയെയും താലോലിക്കുന്ന ഹിന്ദുമതവും തമ്മിലുള്ള താരതമ്യം പോലും അസാധ്യമാണെന്ന കാര്യം ഇന്ത്യയിലെ കീഴാള വ്യവഹാരം അടിവരയിട്ടു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഇസ്‌ലാമിന്റെ ലോകചരിത്രപരമായ കർതൃത്വസ്ഥാനത്തെ വിസ്മരിച്ചുകൊണ്ട് അതിനെ കുല/വംശ പാരമ്പര്യങ്ങളുടെയും സങ്കുചിത ദേശീയതയുടെയും അടഞ്ഞ ബോധനങ്ങളുടെയും ചെളിക്കുണ്ടിലാഴ്ത്താനുള്ള ശ്രമങ്ങൾക്ക് എതിരെ അംബേദ്കറെ പോലുള്ളവർ ശക്തമായ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ടെന്ന കാര്യവും പരിഗണിക്കപ്പെടേണ്ടതാണ്.

### സമകാലീനത; കർതൃത്വം

സവർണാധിപത്യത്തിനെതിരെ കീഴാളർ നടത്തിയ മതകലഹങ്ങളുടെയും മതരൂപവത്കരണങ്ങളുടെയും പരിപ്രേക്ഷ്യത്തിലൂടെയാണ് അംബേദ്കർ ജാതിവ്യവസ്ഥയെ നിരീക്ഷിച്ചത്. അനക്കമറ്റ ഒരു സ്ഥാപനമെന്നതിനുപരി സംഘർഷങ്ങൾ നിറഞ്ഞ ഒരിടമായി ജാതിവ്യവസ്ഥയെ കാണാൻ ഈ പരിപ്രേക്ഷ്യം സഹായിക്കുന്നു. ഇതിലൂടെ നോക്കിയാൽ ജാതി/വംശം/പ്രാദേശികാധികാരങ്ങ

ളുടെ പ്രശ്നമേഖലകളിൽ ഇസ്‌ലാം ഇടപെടുന്നതായി കാണാവുന്നതാണ്. ഹിന്ദുത്വവാദികൾ പ്രചരിപ്പിക്കുന്നതുപോലെ വിദേശാക്രമണകാരികളുടെ വാളിൽനിന്നുള്ള ഭീഷണി മാത്രമായി ചുരുക്കിയെഴുതാവുന്നതല്ല ഈ ഇടപെടലുകൾ. മറിച്ച്, ജാതിവ്യവസ്ഥയുടെ സങ്കീർണതകളും ഇസ്‌ലാമും കീഴാള ജനസാമാന്യവുമായുള്ള അടുപ്പവുമടക്കമുള്ള നിരവധി ഘടകങ്ങളോട് ഇത് കണ്ണിചേർന്നു കിടക്കുന്നു.

ഇന്ത്യയിലെ അസവർണരെ സംബന്ധിച്ചേടത്തോളം ഏറ്റവും നിർണായകമായ കാലയളവാണ് ബുദ്ധിസത്തിന്റെ തകർച്ചക്ക് ശേഷമുള്ള ചില നൂറ്റാണ്ടുകൾ. കീഴാള പശ്ചാത്തലമുണ്ടായിരുന്ന മൗര്യ രാജാധിപത്യത്തെ തകർത്തുകൊണ്ട് ബ്രാഹ്മണാധിപത്യത്തിന്റെ സുദീർഘ വാഴ്ചയാരംഭിക്കുന്നത് ഇക്കാലത്താണ്. ഈ ഘട്ടത്തിൽ ഇടുങ്ങിയ മതബോധമുൾക്കൊണ്ടവരായ ചില മുസ്‌ലിം ഭരണാധികാരികളുടെ ചിന്താശൂന്യമായ നടപടികൾ ഇന്ത്യയിലെ ബുദ്ധിസത്തിന്റെ സർവനാശത്തിന് ആക്കം കൂട്ടാൻ കാരണമായി. മാത്രമല്ല, മുസ്‌ലിം ഭരണ നേതൃത്വത്തിലൊരു വിഭാഗം സവർണമേധാവിത്വത്തോട് ഇഴുകിച്ചേർന്നുകൊണ്ട് സ്വയം വരേണ്യവത്കരിക്കുകയും ചെയ്തു. ഇതേസമയം ഇസ്‌ലാമികമായ നൈതികത ഉൾക്കൊണ്ടവരായ ചില മുസ്‌ലിം ഭരണാധികാരികളുടെ ഭരണപരമായ നടപടികൾ കീഴാള ജനസാമാന്യത്തിന്റെ അതിജീവനത്തിനു സഹായകരമായി മാറിയതായും ഗെയ്ൽ ഓംവെദ് സൂചിപ്പിച്ചിട്ടുണ്ട്. ഇന്ത്യാ ചരിത്രത്തിലെ സുപ്രധാനമായ കീഴാള മുന്നേറ്റമായിരുന്ന ഭക്തി പ്രസ്ഥാനത്തിനു വേദിയൊരുക്കുന്നതിൽ ഇത്തരം ഭരണ നടപടികളും ഇസ്‌ലാമിക ദാർശനിക ധാരകളുടെ പ്രചാരണവും കാരണമായിരുന്നുവെന്നും ഈ എഴുത്തുകാരി ചൂണ്ടിക്കാട്ടുന്നു.

പലപ്പോഴും പരമ്പരാഗതമായ ഭരണവർഗത്തോട് ഏറ്റുമുട്ടിയും ചിലപ്പോൾ ഇഴുകിച്ചേർന്നുമാണ് ഇസ്‌ലാമിന്റെ ഭരണപരമായ പ്രതിനിധാനം നിലനിന്നിരുന്നത്. മതമെന്ന നിലയിൽ ഏറ്റവും അധഃസ്ഥിതരായ ജനവിഭാഗങ്ങളെ അടുപ്പിക്കാനും ഇസ്‌ലാമിനു കഴിഞ്ഞു. എന്നാൽ, കോളനീകരണത്തോടെ ശക്തിപ്രാപിച്ച ഇസ്‌ലാമിന്റെ അപരത്വവത്കരണം ഹൈന്ദവ നവോത്ഥാനത്തോടെ കൂടുതൽ ആഴമുള്ളതായി മാറി. തങ്ങളുടെ സുവർണ ഭൂതകാല പദവികളിൽനിന്നുള്ള പതനത്തിനു കാരണക്കാർ ഇസ്‌ലാമാണെന്നു വിശ്വസിച്ചിരുന്ന സവർണരാജ് ആണ് ഹൈന്ദവ നവോത്ഥാനത്തിനും തുടർന്നുണ്ടായ ദേശീയ പ്രസ്ഥാനത്തിനും നേതൃത്വം നൽകിയത്. ഇക്കാലത്ത് പുതുതായി ഉയർന്നുവന്ന ഹൈന്ദവ മധ്യവർഗം യൂറോപ്പിലെ നിയോ ക്ലാസ്സിക്ക് രചനകൾക്ക് സമാനമായ സാഹിത്യകൃതികളും രൂപകങ്ങളും പ്രചരിപ്പിച്ചുകൊണ്ട് ഇസ്‌ലാമിനോടുള്ള ശത്രുതയെ അടിത്തട്ടിലേക്ക് വ്യാപിപ്പിച്ചു. ഇവയുടെ സ്വാഭാവികമായ പരിണതിയാണ് ദേശത്തെ നെടുകെ പിളർത്തിയത് ഇസ്‌ലാമാണെന്ന പൊതുധാരണ.

ആദ്യമേ സൂചിപ്പിച്ചതുപോലെ ഉൽപതിഷ്ണുക്കൾ ഭരണവർഗമായി മാറിയെന്നതാണ് കോളനിയാനന്തര ഘട്ടത്തിന്റെ പ്രത്യേകത. പഴയ കോളനിയധികാരികളെപ്പോലെ ഇക്കൂട്ടരും ഇസ്‌ലാമിന്റെ സാന്നിധ്യത്തെ സകലവിധ തിന്മകളുടെയും ജീവശാസ്ത്രപരമായ അധഃപതനത്തിന്റെയും ഇടമായി കണക്കാക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാം ഉന്നയിക്കുന്ന പ്രമേയങ്ങളോട് രാഷ്ട്രീയവും നൈതികവുമായി സംവദിക്കുന്നതിനു പകരം 'മതരാഷ്ട്രം', 'സദാചാരകോടതികൾ' മുതലായ ആധുനികതയുടെ ഭയങ്ങളെ പുനരുൽപാദിപ്പിച്ചുകൊണ്ടുള്ള ഒറ്റപ്പെടുത്തലിനാണ് ഇവർ താൽപര്യപ്പെടുന്നത്. മതേതരമായി സ്വയം പ്രഖ്യാപിച്ച ഈ ഭരണവർഗവും ഇവരോട് രക്തബന്ധമുള്ളവരായ മാർക്സിസ്റ്റ് ചിന്താഗതിക്കാരും ഇസ്‌ലാമിനെക്കുറിച്ചുള്ള ഭയാശങ്കകൾ മാത്രമാണ് പ്രചരിപ്പിക്കുന്നതെന്നു സാരം. ഇതേസമയം സവർണപക്ഷത്തുനിന്നുള്ള ബദൽ സങ്കൽപനമായ 'നിയോഗാന്ധിസം' പോലുള്ളവക്ക് 'ദേശീയവാദ/സാംസ്കാരിക മുസ്‌ലിം' എന്ന ഔദ്യോഗിക കൽപനയിൽനിന്നും പുറത്തുകടക്കാൻ പോലും കഴിയാതെ വരികയും ചെയ്തു. ഇപ്രകാരം സന്ദിഗ്ധമായ മുസ്‌ലിം അവസ്ഥയെ സമ്മർദപ്പെടുത്താനും തീവ്രവാദവും ദേശവിരുദ്ധതയും ആരോപിച്ചുകൊണ്ട് പോലീസിംഗ് സംവിധാനങ്ങളുടെ കാഴ്ചവെട്ടത്തു നിർത്താനും ഭരണവർഗം വിജയിച്ചിട്ടുണ്ട്. ദേശീയവാദ/സാംസ്കാരിക മുസ്‌ലിം എന്ന പരികൽപനക്ക് പുറത്തുള്ള എല്ലാ ഇസ്‌ലാമിക സംഘടനകളും സ്ഥാപനങ്ങളും വ്യക്തികളും സംശയിക്കപ്പെടുന്നതാണ് സമകാലീനാനുഭവം.

ഈ സമകാലീനാനുഭവത്തിന്റെ പശ്ചാത്തലത്തിൽ ഇസ്‌ലാമിനെ കേവലമായ ഇരയായി കാണുന്ന കാഴ്ചപ്പാട് ആശാസ്യമല്ല.

വിഭജനാനന്തര ഇന്ത്യയിലെ സംവരണ വ്യവസ്ഥകൾ, ന്യൂനപക്ഷാവകാശങ്ങൾ, ഭരണഘടനാ

പരിരക്ഷകൾ മുതലായവയിലൂടെ സിവിൽ സമൂഹത്തിന്റെ അവിഭാജ്യ ഭാഗമായി മുസ്‌ലിം ജനത മാറിയിട്ടുണ്ട്. ഈ കർതൃത്വസ്ഥാനത്തെ മാത്രമല്ല, ഇസ്‌ലാമിക പക്ഷത്തുനിന്നുള്ള പ്രതിരോധം, ജ്ഞാനാന്വേഷണങ്ങൾ, സഹവർത്തിത്വം, സാഹോദര്യം മുതലായ ഘടകങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് രക്ഷകർത്താക്കളെ അഭയം പ്രാപിക്കുന്നതിലേക്ക് വഴിമാറാനുള്ള സാധ്യതയാണ് ഈ വാദമുൾക്കൊള്ളുന്നത്.

രക്ഷകർത്താക്കളെ തിരസ്കരിച്ചുകൊണ്ട് സ്വയം നിർവചിക്കാനും വൈവിധ്യങ്ങളോട് സഹവർത്തിക്കാനുമുള്ള ഇസ്‌ലാമിന്റെ ആന്തരിക ശേഷിതന്നെയാണ് അതിനെ ഒരു സ്വതന്ത്ര വ്യവഹാരമായി ഇന്നും നിലനിർത്തുന്നത്.

ഇന്ന് അമേരിക്കയടക്കമുള്ള അതിവികസിത മുതലാളിത്ത രാഷ്ട്രങ്ങളെ ബഹുസ്വര സമുദായങ്ങളായി പരിവർത്തനപ്പെടുത്തുന്നതിൽ പാർശ്വവത്കൃതരുടെയും സ്ത്രീകളുടെയും മുന്നേറ്റങ്ങൾ നിർണായകമാണ്. ഈ സമരത്തിൽ ഇസ്‌ലാമിന്റെ പ്രാതിനിധ്യവും അനിഷേധ്യമായ വസ്തുതയാണ്. അൽപ വികസിത ആഫ്രിക്കൻ-ഏഷ്യൻ-പൂർവ യൂറോപ്യൻ സമുദായങ്ങളിലും ഫലസ്തീനിയൻ-മഗ്‌രിബ് പ്രദേശത്തും ഇസ്‌ലാമിന്റെ രാഷ്ട്രീയ നിലപാടുകളും ബൗദ്ധികമായ വിഭവവും ഏറ്റവും അടിത്തട്ടിനെ പ്രതിനിധാനം ചെയ്യുന്നു. വിപ്ലവാനന്തര റഷ്യയിലെയും ചൈനയിലെയും ന്യൂനപക്ഷ ജനതയുടെ മേലുള്ള ഹിംസയെ വെളിപ്പെടുത്തിയതിലും ഇസ്‌ലാമിന് പങ്കുണ്ട്.

ഇസ്‌ലാമിന്റെ ലോക ചരിത്രപരമായ ഈ സന്നിഹിതത്വത്തെ മറ്റൊരാധിപത്യ ക്രമമായി വികസിപ്പിക്കാനല്ല സമകാലീന ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ബുദ്ധിജീവികളും ശ്രമിക്കുന്നത്. മറിച്ച്, നവലോക ക്രമത്തിനുള്ളിൽ ചിതറിപ്പോയവരായി തങ്ങളെത്തന്നെ തിരിച്ചറിയുകയും ഇതേ നിലയിലുള്ളവരോട് പാരസ്പര്യം പുലർത്തുകയുമാണവർ ചെയ്യുന്നത്. ■

(മനുഷ്യാവകാശ പ്രവർത്തകനും ദലിത് ചിന്തകനുമാണ് ലേഖകൻ)


1. Philosophers among the Savages
Michael K Green
(Writing and Race- Edited by Tin Young) Routledge 1997

2. Unthinking Euro Centrism Multi Culturalism and Media
Ella Shohat/Robert Stram
Routledge 1997